"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസ വകുപ്പ് - പാലക്കാട് അമ്പലപ്പാറ തൃക്കള്ളൂർ എ.എൽ.പി. സ്കൂൾ മാനേജർ ഫയൽ ചെയ്ത WP(C) No. 45393/2024, കാട്ടുകുളം ആളനല്ലൂർ എ.എൽ.പി. സ്കൂൾ മാനേജർ ഫയൽ ചെയ്ത WP(C)No. 4517/2025 എന്നിവയിലെ ബഹു. കേരള ഹൈക്കോടതിയുടെ 25.03.2025 ലെ പൊതു വിധിന്യായം പാലിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (ബി) വകുപ്പ്**

**സ.ഉ.(സാധാ) നം.10419/2025/GEDN** തീയതി,തിരുവനന്തപുരം, 22-12-2025

---

പരാമർശം:-

1. സ.ഉ.(സാധാ) നം. 7125/2024/പൊ.വി.വ, തീയതി 09/10/2024 (Ext. P8).
2. സ.ഉ. (സാധാ) നം. 8287/2024/GEDN, തീയതി 23/11/2024 ഉത്തരവ്
3. WP(C) No. 45393/2024, WP(C)No. 4517/2025 എന്നിവയിലെ ബഹു. കേരള ഹൈക്കോടതിയുടെ 25.03.2025 ലെ പൊതു വിധിന്യായം.
4. കാട്ടുകുളം എ.എൽ.പി. സ്കൂൾ മാനേജർ സമർപ്പിച്ച 12/04/2024 തീയതിയിലെ റിവിഷൻ ഹർജി (എക്സിബിറ്റ് 6, WP(C) No. 4517/2025)
5. തൃക്കള്ളൂർ എ.എൽ.പി. സ്കൂൾ മാനേജർ സമർപ്പിച്ച 12/04/2024 തീയതിയിലെ റിവിഷൻ ഹർജി (എക്സിബിറ്റ് 6, WP(C) No. 45393/2024)
6. മണ്ണാർക്കാട് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 04/07/2025 തീയതിയിലെ AEOMRD/832/2025-D നമ്പർ കത്ത്.

**ഉത്തരവ്**

പാലക്കാട് അമ്പലപ്പാറ തൃക്കള്ളൂർ എ.എൽ.പി. സ്കൂൾ മാനേജർ ബഹു. കേരള ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത WP(C) No. 45393/2024, കാട്ടുകുളം ആളനല്ലൂർ എ.എൽ.പി. സ്കൂൾ മാനേജർ ഫയൽ ചെയ്ത WP(C)No. 4517/2025 എന്നിവയിലെ പരാമർശം (2) പൊതു വിധിന്യായത്തിൽ, പരാമർശം (1) സർക്കാർ ഉത്തരവ് ദുർബലപ്പെടുത്തുന്നതിനും UID വിവരങ്ങൾ സമ്പൂർണ്ണയിൽ അപ്ഡേറ്റ് ചെയ്തിട്ടും തസ്തിക നഷ്ടം സംഭവിച്ചത് പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 04/12/2023 തീയതിയിലെ ഡിജിഇ/21163/2023/എസ്3 (ബി) സർക്കുലറിന്റെ (Ext. P9 in WP(C)No. 4517/2025, Ext. P10 in WP(C) No. 45393/2024) അടിസ്ഥാനത്തിൽ പുന:പരിശോധിക്കണമെന്ന ആവശ്യത്തിന്മേൽ ഹർജിക്കാരെ കേട്ടതിനു ശേഷം തീരുമാനമെടുക്കുന്നതിന് ഒന്നാം എതിർ കക്ഷിയായ പൊതു വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിയോട് നിർദ്ദേശിച്ചിരുന്നു. അപ്രകാരം, 05.07.2025 തീയതിയിൽ ഈ വിഷയത്തിൽ ഇരു

സ്കൂളുകളിലെയും മാനേജർമാർ, പൊതു വിദ്യാഭ്യാസ ഡയറക്ടർ, പാലക്കാട് വിദ്യാഭ്യാസ ഉപഡയറക്ടർ, ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ എന്നിവരെ ഗൂഗിൾ മീറ്റ് മുഖാന്തിരം കേട്ടു.

**2. തൃക്കളൂർ എ.എൽ.പി. സ്കൂൾ മാനേജരുടെ വാദം താഴെ പറയും പ്രകാരം ആയിരുന്നു:**

തൃക്കളൂർ ALP സ്കൂളിന്റെ 2023-24-ലെ ഡിവിഷനുകളും തസ്തികകളും അനുവദിച്ചപ്പോൾ LPST ഒരു ഡിവിഷൻ കുറച്ചാണ് കാണിച്ചിരിക്കുന്നത്. അതിനുള്ള കാരണം 24 കുട്ടികൾക്ക് UID ഇല്ല എന്നതാണ്. എന്നാൽ ടി ഉത്തരവിനെതിരായി അപ്പീലും റിവിഷനായും സമർപ്പിച്ചുവെങ്കിലും അതെ നിലപാട് തന്നെയാണ് എടുത്തത്. ബഹുമാനപ്പെട്ട പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 8.4.2024-ലെ ഉത്തരവ് പ്രകാരം 05/08/2023 വരെ ശരിയായ UID അപ് ലോഡ് ചെയ്യാൻ അവസരം തന്നെങ്കിലും അത് ചെയ്തില്ലെന്നും, ഒന്നാം ക്ലാസിൽ 23 കുട്ടികൾക്ക് മാത്രമേ UID ഉള്ളുവെന്നും, അതിനാൽ ഉത്തരവുകൾ ശരിവെക്കുകയും ചെയ്തു. യഥാർത്ഥത്തിൽ ഒന്നാം ക്ലാസിൽ 40 കുട്ടികളുണ്ട്. എല്ലാവരുടെയും UID 09/08/2023 ന അപ്‌ലോഡ് ചെയ്യുകയും, അത്തരത്തിൽ 38 കുട്ടികൾക്ക് UID ഉള്ളതുമാണ്. അതിനാൽ 7 ഡിവിഷനുകൾക്ക് അർഹതയുണ്ട്. ഡി.ജി.ഇ. യുടെ 04/12/2023 ലെ സർക്കുലർ പ്രകാരം 11-12-2023, 12-12-2023 തീയതികൾക്ക് മുമ്പ് UID അപ് ലോഡ് ചെയ്യാം എന്ന് വ്യക്തമാണ്.

പ്രസ്തുത ഉത്തരവിനെതിരെ സർക്കാരിൽ ഫയൽ ചെയ്ത റിവിഷൻ ഹർജിയുടെ കൂടെ 38 കുട്ടികളുടെ UID-യും സമ്പൂർണയിൽ നിന്നും ഡൗൺലോഡ് ചെയ്ത ലിസ്റ്റും അടക്കം ചെയ്തിട്ടുണ്ട്. എന്നാൽ DGE യുടെ ഉത്തരവ് ശരിവെച്ചുകൊണ്ട് പരാമർശം (2) ഉത്തരവ് മുഖേന റിവിഷൻ ഹർജി തള്ളുകയുണ്ടായി. ആയതിനെതിരെ മാനേജർ ബഹു. കേരള ഹൈക്കോടതിയിൽ WP(C) 45393/2024 നമ്പറായി കേസ് ഫയൽ ചെയ്യുകയും, 25/3/2025-ലെ വിധിന്യായം പ്രകാരം മാനേജർ ഫയൽ ചെയ്ത റിവിഷൻ ഹർജി, നിരസിച്ചു കൊണ്ടുള്ള പരാമർശ (2) ഉത്തരവ് തള്ളുകയും പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 04/12/2023 ലെ സർക്കുലർ പ്രകാരം റിവിഷൻ പരിഗണിക്കുന്നതിനും ഉത്തരവായിട്ടുള്ളതാണ്. യഥാർത്ഥത്തിൽ ഒന്നാം ക്ലാസിൽ 40 കുട്ടികളുണ്ട്. എല്ലാവരുടെയും UID 09/08/2023-ന തന്നെ അപ്‌ലോഡ് ചെയ്യുകയും, അത്തരത്തിൽ 38 കുട്ടികൾക്ക് UID ഉള്ളതുമാണ്. അതിനാൽ 7 ഡിവിഷനുകൾക്ക് അർഹതയുണ്ട്.

കൂടാതെ സർക്കാർ പുറപ്പെടുവിച്ച G.O. (Rt)No. 2759/2025/GEDN ഉത്തരവ് പ്രകാരം 08/08/2023 ൽ valid UID ഉള്ളതോ പുതിയതായി UID നേടിയതോ അഥവാ Invalid UID, valid ആക്കി ലഭ്യമാക്കിയതോ ആയ കുട്ടികളുടെ എണ്ണം കണക്കിലെടുത്തു 2023-24 വർഷത്തെ തസ്തിക നിർണ്ണയം പുനർ നിർണയിച്ചു നൽകുന്നതിന്, മുളവൂർ MSMLP സ്കൂളിന്റെ കേസിൽ സ.ഉ.(സാധാ)നം. 2759/2025/GEDN തീയതി 21/04/2025 പ്രകാരം ഉത്തരവായിട്ടുണ്ട്. ടി ഉത്തരവ് എന്റെ കക്ഷിക്കും, ബാധകമാവുന്നതാണ്. ആയതിനാൽ റിവിഷൻ അനുവദിച്ചു ഉത്തരവുകൾ ദുർബലപ്പെടുത്തി 7 ഡിവിഷൻ അനുവദിച്ചു ഉത്തരവാകണമെന്നു അപേക്ഷിക്കുന്നു.

**3. കാട്ടുകുളം എ.എൽ.പി. സ്കൂൾ മാനേജരുടെ വാദം താഴെ പറയും പ്രകാരം ആയിരുന്നു:**

കാട്ടുകുളം ALP സ്കൂളിന്റെ 2023-24-ലെ ഡിവിഷനുകളും തസ്തികകളും അനുവദിച്ചപ്പോൾ LPST ഒരു ഡിവിഷൻ കുറച്ചാണ് കാണിച്ചിരിക്കുന്നത്. അതിനുള്ള കാരണം 4 കുട്ടികൾക്ക് valid

UID ഇല്ല എന്നതാണ്. എന്നാൽ ടി ഉത്തരവിനെതിരായി അപ്പീൽ സമർപ്പിച്ചുവെങ്കിലും അതെ നിലപാട് തന്നെയാണ് എടുത്തത്. എന്നാൽ ബഹുമാനപ്പെട്ട പൊതു വിദ്യാഭ്യാസ ഡയറക്ടർക്ക് കൊടുത്ത റിവിഷനിൽ, 08/04/2024-ലെ ഉത്തരവ് പ്രകാരം 05/08/2023 വരെ ശരിയായ UID അപ്‌ലോഡ് ചെയ്യാൻ അവസരം തന്നെങ്കിലും അത് ചെയ്തില്ലെന്നും, ഒന്നാം ക്ളാസിൽ 29 കുട്ടികൾക്ക് മാത്രമേ UID ഉള്ളുവെന്നും, 4 കുട്ടികൾക്ക് UID ഇല്ലെന്നും, അതിനാൽ 33 കുട്ടികളെയും കൂടി പരിഗണിച്ച് തസ്തിക പുനർ നിർണയിക്കാൻ സാധിക്കില്ലെന്നും പറഞ്ഞാണ് അപ്പീൽ തള്ളിയത്. പ്രസ്തുത ഉത്തരവിനെതിരെ സർക്കാരിൽ 12/04/2024ൽ ഫയൽ ചെയ്ത റിവിഷൻ ഹർജിയുടെ കൂടെ 33 കുട്ടികളുടെ UID-യും സമ്പൂർണയിൽ നിന്നു ഡൗൺലോഡ് ചെയ്ത ലിസ്റ്റും അടക്കം ചെയ്തിട്ടുണ്ട്. എന്നാൽ ഡി.ജി.ഇ. യുടെ ഉത്തരവ് ശരിവെച്ച് റിവിഷൻ തള്ളി. ആയതിനെതിരെ ബഹു. കേരള ഹൈക്കോടതിയിൽ WP(C) 45393/2024 നമ്പറായി കേസ് ഫയൽ ചെയ്യുകയും, 25-3-2025-ന്റെ ഉത്തരവ് പ്രകാരം മാനേജർ ഫയൽ ചെയ്ത റിവിഷൻ ഹർജി, തള്ളി പരാമർശം (2) ഉത്തരവ് ദുർബലപ്പെടുത്തുകയും, 4-12-2023 ലെ സർക്കുലർ പ്രകാരം റിവിഷൻ പരിഗണിക്കുന്നതിന് ഉത്തരവായിട്ടുള്ളതുമാണ്. യഥാർത്ഥത്തിൽ ഒന്നാം ക്ളാസിൽ 33 കുട്ടികളുണ്ട്. എല്ലാവരുടെയും UID 09/08/2023-നു തന്നെ അപ്‌ലോഡ് ചെയ്യുകയും, അത്തരത്തിൽ 33 കുട്ടികൾക്ക് UID ഉള്ളതുമാണ്. അതിനാൽ 7 ഡിവിഷനുകൾക്ക് അർഹതയുണ്ട്.

കൂടാതെ സർക്കാർ പുറപ്പെടുവിച്ച G.O. (Rt)No 2759/2025/GEDN ഉത്തരവ് പ്രകാരം 08/08/2023 തീയതിയിൽ valid UID ഉള്ള പുതിയതായി UID നേടിയതോ അഥവാ Invalid UID valid ആക്കി ലഭ്യമാക്കിയതോ ആയ കുട്ടികളുടെ എണ്ണം കണക്കിലെടുത്തു 2023-24 വർഷത്തെ തസ്തിക നിർണ്ണയം പുനർ നിർണയിച്ച് നൽകുന്നതിന്, മുളവൂർ MSM LP സ്കൂളിന്റെ കേസിൽ ഉത്തരവായിട്ടുണ്ട്. ടി ഉത്തരവ് എന്റെ കക്ഷിക്കും ബാധകമാവുന്നതാണ്.

33 കുട്ടികളുടെയും UID അപ്‌ലോഡ് ചെയ്തതിനാലും, 8-8-2023 എന്ന തീയതിക്ക് തന്നെ അതെല്ലാം ശരിയാക്കിയത് കൊണ്ടും 7 തസ്തികകൾക്ക് അർഹതയുണ്ട്. DGE യുടെ 4-12-2023 ലെ സർക്കുലർ പ്രകാരം, 11-12-2023, 12-12-2023 തീയതികൾക്ക് മുമ്പ് അപ് ലോഡ് ചെയ്യാം എന്ന് വ്യക്തമാണ്. ആയതിനാൽ റിവിഷൻ അനുവദിച്ച് ഉത്തരവുകൾ ദുർബലപ്പെടുത്തി 7 ഡിവിഷൻ അനുവദിച്ച് ഉത്തരവാകണമെന്നു അപേക്ഷിക്കുന്നു.

4. **പൊതുവിദ്യാഭ്യാസ ഓഫീസർമാരുടെ സമാനമായ വാദം ഇപ്രകാരം ആയിരുന്നു** :

## (i) WP(C) No.4517/2025

കാട്ടുകുളം എ.എൽ.പി.സ്കൂളിൽ 2023-24 അധ്യയന വർഷം ആറാം പ്രവർത്തി ദിവസത്തെ കണക്കനുസരിച്ച് ഒന്നാം ക്ലാസ്സിൽ 33 കുട്ടികളാണുള്ളത്. ആയതിൽ 4 കുട്ടികൾക്ക് വാലിഡ് യു.ഐ.ഡി. ഇല്ലാത്തതിനാൽ തസ്തിക നിർണ്ണയത്തിനു 29 കുട്ടികളെ മാത്രമേ പരിഗണിക്കാൻ നിർവാഹമുള്ളൂ. 2023-24 വർഷത്തെ തസ്തിക നിർണ്ണയം സംബന്ധിച്ച ഉത്തരവുകളുടെയും സർക്കുലറുകളുടെയും അടിസ്ഥാനത്തിൽ വാലിഡ് യു.ഐ.ഡി. ഇല്ലാത്ത 4 കുട്ടികളെ തസ്തിക നിർണ്ണയത്തിനു പരിഗണിക്കേണ്ടതില്ല എന്ന് നിർദ്ദേശമുള്ളതിനാൽ യു.ഐ.ഡി ഇല്ലാത്ത 4 കുട്ടികളെ കുറവ് ചെയ്തു തസ്തിക നിർണ്ണയം നടത്തുമ്പോൾ ടി വിദ്യാലയത്തിൽ ഒന്നാം ക്ലാസ്സിൽ

ഒരു ഡിവിഷന് മാത്രമേ അർഹതയുള്ളൂ. ആയതിനാൽ 2022-23 വർഷം നിലനിന്നിരുന്ന 8 എൽ.പി.എസ്.ടി തസ്തികയിൽ നിന്നും ഒന്നു കുറഞ്ഞു ഈ വർഷം 7 എൽ.പി.എസ്.ടി തസ്തികക്കു മാത്രമേ അർഹതയുള്ളൂ. വാലിഡ് യു.ഐ.ഡി ഇല്ലാത്ത 4 കുട്ടികളിൽ 3 കുട്ടികൾ അറബിക് വിഷയം പഠിക്കുന്നവരാണ് പ്രസ്തുത വിഷയത്തിൽ ആകെ 28 പിരീഡ് മാത്രമേ ലഭ്യമാകുന്നുള്ളു ആയതിനാൽ 2022-23 വർഷം നിലനിന്നിരുന്ന 2 ജൂനിയർ ലാംഗ്വേജ് അറബിക് ടീച്ചർ തസ്തികയിൽ നിന്നും ഒന്ന് കുറഞ്ഞു, ഈ വർഷം 1 ജൂനിയർ ലാംഗ്വേജ് അറബിക് ടീച്ചർ തസ്തികക്ക് മാത്രമേ അർഹതയുള്ളു.

കേരള വിദ്യാഭ്യാസ ചട്ടം അധ്യായം XXIII ചട്ടം 12 പ്രകാരം ആറാം പ്രവർത്തി ദിവസത്തെ യു.ഐ.ഡി. ഉള്ള കുട്ടികളെ മാത്രമേ തസ്തിക നിർണ്ണയത്തിന് പരിഗണിക്കാൻ സാധിക്കുകയുള്ളൂ. കൂടാതെ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 07/08/2024 ലെ എച്ച്2/7241/23 ഡിജിഇ നമ്പർ സർക്കുലർ പ്രകാരം ഇൻവാലിഡ് യു.ഐ.ഡി. യുള്ള കുട്ടികളുടെ ആധാറിലുള്ള വിവരങ്ങൾ ശരിയായി UPLOAD ചെയ്യുന്നതിലേക്കായി 05/08/2023 വരെ സമയം അനുവദിച്ചിരുന്നു. ഈ സമയത്തും ഇൻവാലിഡ് യു.ഐ.ഡി. ഉള്ള കുട്ടികളുടെ യു.ഐ.ഡി. കറക്ട് ചെയ്ത് UPLOAD ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. ആറാം പ്രവർത്തി ദിവസവും തസ്തികനിർണ്ണയ ഉത്തരവ് പുറപ്പെടുവിച്ച സമയത്തും ഒന്നാം ക്ലാസ്സിൽ 29 കുട്ടികൾക്ക് മാത്രമേ യു.ഐ.ഡി. ഉള്ളൂ. ആയതിനാൽ ഒന്നാം ക്ലാസ്സിൽ നിലവിൽ യു.ഐ.ഡി. ഉള്ള 4 കുട്ടികളെയും കൂടി പരിഗണിച്ച് തസ്തിക പുനർനിർണ്ണയിച്ച് നൽകണം എന്ന ആവശ്യം പരിഗണനാർഹമല്ല. 2024-25 അധ്യയന വർഷം വാലിഡ് യു.ഐ.ഡി. ഉള്ള കുട്ടികളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ ഒന്നാം ക്ലാസ്സിൽ 1 അധിക ഡിവിഷൻ അനുവദിക്കുന്നതിനായി ശുപാർശ ചെയ്തിരുന്നു. അക്കോമഡേഷൻ ലഭ്യമല്ലാത്തതിനാൽ അധിക ഡിവിഷനുകൾക്കും തസ്തികകൾക്കും അർഹതയില്ല എന്ന് ഉന്നതതല പരിശോധനയ്ക്ക് ശേഷം ജില്ലാ വിദ്യാഭ്യാസ ഓഫീസർ റിപ്പോർട്ട് ചെയ്തതിനാൽ ആയത് അനുവദിച്ചിട്ടില്ല. ഈ അധ്യയന വർഷം വാലിഡ് യു.ഐ.ഡി. ഉള്ള കുട്ടികളുടെ എണ്ണത്തിന്റെയും ലഭ്യമായ ക്ലാസ്സ്മുറികളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിലും 1 അധിക ഡിവിഷന് ശുപാർശ ചെയ്തിട്ടുണ്ട് എന്ന വിവരം അറിയിക്കുന്നു.

**(i) WP(C) No.45393/2024**

തൃക്കളൂർ അമ്പലപ്പാറ എ.എൽ.പി.സ്കൂളിലെ പ്രധാനാധ്യാപകൻ 02/08/2023 ന് സമന്വയ വഴി സമർപ്പിച്ച 2023-24 അദ്ധ്യയന വർഷത്തെ തസ്തിക നിർണ്ണയ പ്രൊപ്പോസൽ പരിശോധിച്ചതിൽ 1 മുതൽ 4 വരെ ക്ലാസ്സുകളിലായി ആകെ 171 കുട്ടികളുണ്ട്. അതിൽ ക്ലാസ്സ് 1 ൽ 17 കുട്ടികൾക്കും ക്ലാസ്സ് 2 ൽ 5 കുട്ടികൾക്കും ക്ലാസ്സ് 3 ൽ 2 കുട്ടികൾക്കും കൂടി ആകെ 24 കുട്ടികൾക്ക് വാലിഡ് യു.ഐ.ഡി. ഇല്ല. 2023-24 അദ്ധ്യയന വർഷത്തെ തസ്തിക നിർണ്ണയവുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ വാലിഡ് യു.ഐ.ഡി. ഇല്ലാത്ത കുട്ടികളെ തസ്തിക നിർണ്ണയത്തിന് ഉൾപ്പെടുത്താൻ കഴിയില്ല. ആയത് പ്രകാരം ടി സ്കൂളിലെ 2023-24 അദ്ധ്യയന വർഷത്തെ തസ്തിക നിർണ്ണയത്തിന് യു.ഐ.ഡി. ഇല്ലാത്ത 24 കുട്ടികളെ കുറവ് ചെയ്ത് 147 കുട്ടികളെയാണ് പരിഗണിച്ചത്. ആയത് പ്രകാരം 7 ഡിവിഷനുകളും 6 എൽ.പി.എസ്.ടി. തസ്തികകളും അനുവദിക്കാനെ നിർവ്വാഹമുള്ളൂ. ഉത്തരവ് നമ്പർ ഡി/61279/2023 തീയതി 16/08/2023 പ്രകാരം ആയത് അനുവദിച്ച് നൽകിയിട്ടുള്ളതാണ്. 1

മുതൽ 4 വരെ ക്ലാസ്സുകളിലായി 24 കുട്ടികൾക്ക് യു.ഐ.ഡി. ഇല്ലാത്തതിനാലും കഴിഞ്ഞ വർഷത്തെക്കാൾ ഈ വർഷം കുട്ടികൾ കുറവ് വന്നതിനാലും ക്ലാസ്സ് 1 ൽ ഒരു ഡിവിഷൻ കുറയുകയും ഒരു എൽ.പി.എസ്.ടി. തസ്തിക കുറയുകയും ചെയ്തിട്ടുണ്ട്. ഈ ഉത്തരവിനെതിരെ മാനേജർ വിദ്യാഭ്യാസ ഉപഡയറക്ടർക്ക് അപ്പീൽ സമർപ്പിക്കുകയും വിദ്യാഭ്യാസ ഉപഡയറക്ടർ ബി3/61352/2023 തീയതി 25/01/2024 പ്രകാരം അപ്പീൽ നിരസിച്ച് ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. പിന്നീട് പൊതു വിദ്യാഭ്യാസ ഡയറക്ടർക്ക് റിവിഷൻ അപ്പീൽ സമർപ്പിക്കുകയും പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ ഉത്തരവ് നമ്പർ ആർ.എ1/704478/2024 തീയതി 08/04/2024 പ്രകാരം റിവിഷൻ അപ്പീൽ നിരസിച്ച് ഉത്തരവായിട്ടുണ്ട്. ആറാം പ്രവർത്തി ദിവസവും തസ്തിക നിർണ്ണയ ഉത്തരവ് പുറപ്പെടുവിച്ച സമയത്തും ഒന്നാം ക്ലാസ്സിൽ 23 കുട്ടികൾക്ക് മാത്രമെ യു.ഐ.ഡി. ഉള്ളു. ആയതിനാൽ നിലവിൽ യു.ഐ.ഡി. ലഭിച്ചിട്ടുള്ള കുട്ടികളെയും കൂടി ഉൾപ്പെടുത്തി തസ്തിക പുനർനിർണ്ണയിച്ച് നൽകണമെന്ന ആവശ്യം പരിഗണനാർഹമല്ല.

2024-25 അധ്യയന വർഷം വാലിഡ് യു.എ.ഡി. ഉള്ള കുട്ടികളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ ക്ലാസ്സ് 1 ൽ 1 അധിക ഡിവിഷനും 1 എൽ.പി.എസ്.ടി അധിക തസ്തികയും അനുവദിച്ച് നൽകിയിട്ടുണ്ട് എന്ന വിവരം അറിയിക്കുന്നു.

5 . സർക്കാർ ഈ വിഷയം ഹർജിക്കാരുടെയും മാനേജരുടെയും വാദങ്ങൾ, സമർപ്പിക്കപ്പെട്ട രേഖകൾ, വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ട്, നിലവിലെ ചട്ടങ്ങൾ, സർക്കാർ ഉത്തരവുകൾ എന്നിവയുടെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. കാട്ടുകുളം എൽ.പി. സ്കൂളിൽ 2023-24 വർഷത്തിൽ ആറാം പ്രവർത്തി ദിവസത്തെ കണക്കനുസരിച്ച് ഒന്നാം ക്ലാസിൽ 33 കുട്ടികളുള്ളതിൽ നാല് കുട്ടികൾക്ക് വാലിഡ് UID ഇല്ലാതിരുന്നു. ഇൻവാലിഡ് UID യുള്ള കുട്ടികൾക്ക് ആധാറിലുള്ള വിവരങ്ങൾ ശരിയായി അപ്‌ലോഡ് ചെയ്യുന്നതിന് അധികസമയം അനുവദിച്ചിട്ടും ആ സമയത്തിനുള്ളിൽ U I D കറക്ട് ചെയ്ത് അപ്‌ലോഡ് ചെയ്തിട്ടില്ലാത്തതിനാലാണ് ഈ കുട്ടികളെ പരിഗണിക്കാത്തത് എന്നാണ് പൊതുവിദ്യാഭ്യാസ ഓഫീസർമാരുടെ വാദം. എന്നാൽ കാട്ടുകുളം എ.എൽ.പി. സ്കൂളിൽ പൊതു വിദ്യാഭ്യാസ ഡയറക്ടർ അനുവദിച്ച 05.08.2023 എന്ന സമയപരിധിക്കുള്ളിൽ നാല്വ വിദ്യാർഥികളുടെ UID അപ്‌ലോഡ് ചെയ്യാൻ കഴിഞ്ഞില്ലെങ്കിലും 09.08.2023 തന്നെ ആ നാല് വിദ്യാർത്ഥികളെയും കൂടി ഉൾപ്പെടുത്തി 33 കുട്ടികളുടെ UID അപ്‌ലോഡ് ചെയ്തിട്ടുണ്ടെന്നും പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 04.12.2023 സർക്കുലർ പ്രകാരം 11.12.2023 തീയതികൾക്കു മുമ്പ് UID അപ്‌ലോഡ് ചെയ്തിട്ടുണ്ടെന്നും അതിനാൽ 33 കുട്ടികളെയും തസ്തിക നിർണയത്തിന് പരിഗണിക്കണം എന്നാണ് ഹർജിക്കാരുടെ വാദം.

തൃക്കള്ളൂർ അമ്പലപ്പാറ എ.എൽ.പി. സ്കൂളിലെ 2023-24 അധ്യയന വർഷത്തിൽ സമ്പൂർണ്ണ വഴി സമർപ്പിച്ച ലിസ്റ്റിൽ ഉൾപ്പെട്ട 171 കുട്ടികളിൽ 24 കുട്ടികൾക്ക് UID ഉണ്ടായിരുന്നില്ല. ആറാം പ്രവർത്തി ദിവസവും നിർണ്ണായക ഉത്തരവ് UID ഉണ്ടായിരുന്ന കുട്ടികളെ മാത്രം പരിഗണിച്ചാണ് തസ്തിക പുനർനിർണയിച്ചത്. അതിനുശേഷം U I D ലഭിച്ച കുട്ടികളെ ഉൾപ്പെടുത്തി തസ്തിക പുനർനിർണയിച്ചു നൽകണമെന്ന ആവശ്യം പരിഗണനാർഹമല്ല എന്നാണ് പൊതു വിദ്യാഭ്യാസ ഓഫീസർമാരുടെ വാദം. തൃക്കള്ളൂർ എ.എൽ.പി. സ്കൂളിൽ ആറാം പ്രവർത്തി ദിനത്തിലും UID അപ്‌ലോഡ് ചെയ്യപ്പെടാതിരുന്ന 24 കുട്ടികളെ കൂടി ഉൾപ്പെടുത്തി 09.08.2023 ന്

തന്നെ മൊത്തം 38 കുട്ടികളുടെ UID അപ്‌ലോഡ് ചെയ്തിട്ടുണ്ടെന്നും ആയതിനാൽ 38 കുട്ടികളെയും ഉൾപ്പെടുത്തി തസ്തിക നിർണ്ണയം നടത്തണമെന്നുമാണ് ഹർജിക്കാരന്റെ വാദം.

04/12/2023 ലെ ഡിജിഇ/21163/2023/എസ്3 (ബി) സർക്കുലർ പ്രകാരം 11.12.2023 തീയതിക്ക് മുമ്പ് UID അപ്‌ലോഡ് ചെയ്യാം എന്ന് വ്യക്തമാക്കിയത് സമ്പൂർണ്ണയിൽ അപ്‌ലോഡ് ചെയ്യുന്നതിന് അനുവദിച്ച ഇളവ് ആണെന്നും അത്തരത്തിൽ അപ്‌ലോഡ് ചെയ്യുമ്പോൾ അത് സമന്വയയിൽ പ്രതിഫലിക്കില്ലെന്നും ആയതിനാൽ തസ്തിക നിർണയത്തിന് പരിഗണിക്കാൻ കഴിയില്ലെന്നുമാണ് പൊതു വിദ്യാഭ്യാസ ഓഫീസർമാർ ബോധിപ്പിക്കുന്നത്. എന്നാൽ സ.ഉ.(സാധാ). 2759/2025/GEDN ഉത്തരവ് പ്രകാരം 08.08.2023 ന് വാലിഡ് UID ഉള്ള (i.e., പുതുതായി യു.ഐ.ഡി. നേടിയതോ അഥവാ ഇൻവാലിഡ് യു.ഐ.ഡി വാലിഡ് ആക്കി ലഭ്യമാക്കിയതോ ആയ) കുട്ടികളുടെ എണ്ണം കണക്കിലെടുത്ത് 2023-24 വർഷത്തെ തസ്തിക നിർണയം പുനർനിർണയിച്ച് നൽകുന്നതിന് മുളവൂർ എം.എസ്.എം.എൽ.പി. സ്കൂളിന്റെ കേസിൽ ഉത്തരവായിട്ടുള്ളതായി കാണുന്നു. ഈ മാനദണ്ഡം ബാധകമാക്കി കാട്ടുകുളം എൽ.പി. സ്കൂളിൽ 08.08.2023 നു മുമ്പ് UID അപ്‌ലോഡ് ചെയ്ത 33 കുട്ടികളെയും തൂക്കളൂർ എൽ.പി. സ്കൂളിൽ 09.08.2023 നു മുമ്പ് അപ്‌ലോഡ് ചെയ്ത 38 കുട്ടികളെയും, 04/12/2023 തീയതിയിലെ സർക്കുലർ പ്രകാരം പരിശോധിക്കുവാനാണ് ബഹു. ഹൈക്കോടതി കോടതി വിധിച്ചിട്ടുള്ളത്.

**6.** മേൽ സാഹചര്യത്തിൽ, തസ്തിക നിർണയത്തിന് ശേഷവും UID ഇൻവാലിഡ് ആയിട്ടുള്ള കുട്ടികളുടെ UID വാലിഡ് ആക്കുന്നതിനുള്ള അവസരങ്ങൾ വിവിധ തീയതികളിൽ നൽകിയിട്ടുള്ളത്, 2023-2024 വർഷത്തെ തസ്തിക നിർണയത്തിൽ മാറ്റം വരുത്തുന്നതിന് വേണ്ടിയല്ല, പകരം വിവര ശേഖരണം കാലികമാക്കി 2024-25 വർഷത്തെ പ്രവർത്തനങ്ങളെ സഹായിക്കുന്നതിന് വേണ്ടിയാണ് എന്നതും 2023-24 വർഷത്തിൽ UID ഇൻവാലിഡ് ആയ കുട്ടികളുടെ UID വാലിഡ് ആക്കുന്നതിനു 07/08/2023 തീയതി വരെ സമയം അനുവദിച്ചിരുന്നതിനാൽ 08/08/2023 തീയതിയിൽ വാലിഡ് UID ഉള്ള (i.e, ആറാം പ്രവൃത്തി ദിനത്തിൽ UID നേടിയതോ, 07/08/2023 തീയതിയ്ക്കുള്ളിൽ ഇൻവാലിഡ് UID വാലിഡ് ആക്കി ലഭ്യമാക്കിയതോ ആയ) കുട്ടികളുടെ എണ്ണം കണക്കിലെടുത്ത് മാത്രം തസ്തിക നിർണ്ണയം നടത്താവുന്നതാണ്. പൊതുവിദ്യാഭ്യാസ ജോയിന്റ് ഡയറക്ടറുടെ 08/04/2024 തീയതിയിലെ RA1/704466/2024 നമ്പർ ഉത്തരവിനെതിരെ കാട്ടുകുളം എ.എൽ.പി. സ്കൂൾ മാനേജർ സമർപ്പിച്ച 12/04/2024 തീയതിയിലെ റിവിഷൻ ഹർജി (എക്സിബിറ്റ് 6, WP(C) No. 4517/2025), പൊതുവിദ്യാഭ്യാസ ജോയിന്റ് ഡയറക്ടറുടെ 08/04/2024 തീയതിയിലെ RA1/704478/2024 നമ്പർ ഉത്തരവിനെതിരെ തൂക്കളൂർ എ.എൽ.പി. സ്കൂൾ മാനേജർ സമർപ്പിച്ച 12/04/2024 തീയതിയിലെ റിവിഷൻ ഹർജി (എക്സിബിറ്റ് 6, WP(C) No. 45393/2024) എന്നിവയിലെ ആവശ്യം പരിഗണനാർഹമല്ലാത്തതിനാൽ ആയത് നിരസിച്ച് തീർപ്പാക്കി ബഹു. കേരള ഹൈക്കോടതിയുടെ WP(C) No. 45393/2024, WP(C)No. 4517/2025 എന്നിവയിലെ 25.03.2025 ലെ പൊതു വിധിന്യായം നടപ്പിലാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

SHEEJA R S

അഡിഷണൽ സെക്രട്ടറി

പകർപ്പ് :

അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖ കത്ത് സഹിതം)

പൊതു വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.

വിദ്യാഭ്യാസ ഉപഡയറക്ടർ, പാലക്കാട്.

ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, മണ്ണാർക്കാട്.

മാനേജർ, എ.എൽ.പി. സ്കൂൾ, തൃക്കളൂർ, അമ്പലപ്പാറ, പാലക്കാട്.

മാനേജർ, എ.എൽ.പി. സ്കൂൾ, കാട്ടുകുളം, പാലക്കാട്.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ/ ആഡിറ്റ്), തിരുവനന്തപുരം.

പൊതുവിദ്യാഭ്യാസ (ജെഎ) വകുപ്പ് (23/11/2025 ലെ ജെഎ1/382/2025-പൊവിവ കുറിപ്പ് പ്രകാരം)

വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

(സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കാൻ)

കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

Signed by

Meera S S

സെക്ഷൻ ഓഫീസർ

Date: 23-12-2025 10:58:40